(സി) വൈദ്യുതി കണക്ഷൻ ആവശ്യമുള്ളവർക്ക് അതിനാവശ്യമായ മുഴുവൻ ചെലവും കെട്ടിവച്ചാൽ മാത്രമേ രജിസ്റ്റർ ചെയ്യാനും കണക്ഷൻ ലഭിക്കാനും സാധ്യമാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) സാമൂഹ്യ നീതി ഉറപ്പുവരുത്തും വിധം സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യത തുടർന്നും ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) & (സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പ് 46 പ്രകാരവും റഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005-ലെ വകുപ്പ് 7 പ്രകാരവും വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ടി വരുന്ന ന്യായമായ ചെലവ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 500 വാട്ടിൽ താഴെ കണക്ടഡ് ലോഡുള്ള ബി. പി. എൽ. വിഭാഗക്കാരെയും 1000 വാട്ടിന് താഴെ കണക്ടഡ് ലോഡുള്ള എസ്. സി./എസ്. ടി. വിഭാഗക്കാരെയും കണക്ഷനുകൾക്ക് ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനു പുറമേ യുക്തമാണെന്ന് തോന്നുന്ന വിഭാഗങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കാനും സർക്കാരിന് അവകാശമുണ്ട്.

(ഡി) സാമൂഹ്യ നീതി ഉറപ്പുവരുത്തും വിധം സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വകുപ്പുകൾ സപ്ലൈ കോഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രധാന മന്ത്രിയുടെ ഗ്രാമീണ യോജന എന്നീ കേന്ദ്ര സഹായ പദ്ധതികൾ പ്രകാരം വൈദ്യുതി എത്താത്ത ഗ്രാമീണ മേഖലകളിലേക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുണ്ട്. ഇതിനുപുറമെ നോർമൽ കണക്ഷനുകളും ഇതിൽനിന്നൊഴിവാക്കാൻ നടപടി കൈക്കൊണ്ടുവരുന്നു.

പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ

*9 [55] *ശ്രീ. വി. ജെ. പൗലോസ്:*
„ *ജി. കാർത്തികേയൻ:*
„ *ഇ. എം. അഗസ്തി:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗാർഹികാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറുകൾ ഗാർഹികേതര ആവശ്യങ്ങൾക്ക് കരിഞ്ചന്തയിൽ വിറ്റുവരുന്നുണ്ടോ;

(ബി) ഇത്തരം നടപടി ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(സി) ഗാർഹികാവശ്യങ്ങൾക്കുള്ള ഗ്യാസ് സിലിണ്ടറുകൾ ഗാർഹികേതര ആവശ്യങ്ങൾക്കായി രണ്ടും മൂന്നും മണിക്കൂറുകൾ ഉപയോഗിച്ച ശേഷം അവ ഗാർഹിക ആവശ്യങ്ങൾക്ക് കൊടുത്തുവരുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ഡി) ഗാർഹികാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറുകൾ ദുർവിനിയോഗം ചെയ്തവർക്കെതിരെ എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ഉണ്ട്.

(ബി) ജില്ലാ തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുകയും റെയ്ഡുകളും മിന്നൽ പരിശോധനകളും നടത്തുകയും, അനധികൃതമായി സൂക്ഷിച്ചിരുന്നതും ഉപയോഗിച്ചതുമായ പാചക വാതക സിലിണ്ടറുകൾ കണ്ടുകെട്ടുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ലീഗൽ മെട്രോളജി, ആർ. റ്റി. ഒ., ഓയിൽ കമ്പനി പ്രതിനിധി, ഗ്യാസ് ഏജൻസി പ്രതിനിധി, താലൂക്ക് സപ്ലൈ ഓഫീസർ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്ന് പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ പ്രതിരോധിക്കാനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും പത്രമാധ്യമങ്ങളിലൂടെ പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ ഹോട്ടലുകളിലും വാഹനങ്ങളിലും മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തുകയും ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചില കേസുകളിൽ കുറ്റക്കാരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ചില കേസുകളിൽ കുറ്റക്കാർക്ക് 1995-ലെ അവശ്യ സാധന സംരക്ഷണ നിയമം, എൽ. പി. ജി. (റഗുലേഷൻ ഓഫ് സപ്ലൈസ് ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000, എൽ. പി. ജി. (റഗുലേഷൻ ഓഫ് യൂസ് ഇൻ മോട്ടോർ വെഹിക്കിൾസ്) 2001 എന്നിവ പ്രകാരം ജില്ലാ കളക്ടർമാർ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly